**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2298** **16-03-2022 - ൽ മറുപടിയ്ക്ക്**

**ലീഗൽ മെട്രോളജി വകുപ്പിൽ പുതിയ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | null<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങളുടെ വിശദാംശങ്ങളും അവ സർക്കാർ പരിഗണിയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ലീഗൽ മെട്രോളജി വകുപ്പ് കൂടുതൽ കാര്യക്ഷമവും ജനോപകാരപ്രദവുമാക്കുന്നതിന്റെയും ഭാഗമായി ലീഗൽ മെട്രോളജി കൺട്രോളറുടെ നിർദ്ദേശാനുസരണം 32 തസ്തികകൾ 1.62 കോടി രൂപ പ്രതിവർഷം അധിക ചെലവ് അടിസ്ഥാനത്തിൽ സൃഷ്ടിക്കുന്നത് സംബന്ധിച്ച ഫയലിൽ ധനവകുപ്പിന്റെ നിർദ്ദേശാനുസരണം വിശദമായ പ്രവൃത്തി പഠനം നടത്തിയശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ലീഗൽ മെട്രോളജി വകുപ്പിൽ കഴിഞ്ഞ 10 വർഷം വകുപ്പ് നേരിട്ട് നടത്തിയ നിയമനങ്ങളുടെ/ സ്ഥിരപ്പെടുത്തലിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) | ലീഗൽ മെട്രോളജി വകുപ്പിൽ കഴിഞ്ഞ 10 വർഷക്കാലയളവിൽ വകുപ്പ് നേരിട്ട് നടത്തിയ (താൽക്കാലിക) ആകെ നിയമനങ്ങൾ തസ്തിക തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ വകുപ്പ് നേരിട്ട് നിയമിച്ച താൽക്കാലിക /ദിവസ വേതന ജീവനക്കാരെ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല. എന്നാൽ വകുപ്പിൽ താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സേവനമനുഷ്ഠിച്ചിരുന്ന ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട ജീവനക്കാരെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂപ്പർന്യൂമററി വ്യവസ്ഥയിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. 2012 മുതൽ ഇതുവരെ 13 ക്ലാർക്ക് തസ്തികയിലേക്കും, 2 ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിലേക്കും ആശ്രിത നിയമന വ്യവസ്ഥയിൽ നിയമനം നൽകിയിട്ടുണ്ട്. |
| (സി) | ലീഗൽ മെട്രോളജി വകുപ്പിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്ക്/ ജീവനക്കാർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (സി) | ലീഗൽ മെട്രോളജി വകുപ്പിൽ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ.പ്രിനു പുഷ്പനെതിരെ (under suspension) കോട്ടയം വിജിലൻസ് യൂണിറ്റിൽ വി.സി.01/2022/കെ.റ്റി.എം നമ്പർ പ്രകാരവും, റിട്ടയേർഡ് സീനിയർ ഇൻസ്പെക്ടർ ശ്രീ.പി.കെ.മോഹനൻ, ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് ശ്രീ.മാത്യു പുന്നൻ എന്നിവർക്കെതിരെ വിജിലൻസ് |

| | | | |
|---|---|---|---|
| | | | ഇടുക്കി യൂണിറ്റിൽ VC02/18/IDK നമ്പർ പ്രകാരവും വിജിലൻസ് കേസുകൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | ഡ്രൈവർ | 18 |
| 2 | ഓഫീസ് അറ്റൻഡന്റ് | 10 |
| 3 | കാഷ്വൽ സ്വീപ്പർ | 29 |
| 4 | ഫുൾ ടൈം വാച്ചർ | 9 |
| 5 | ഫുൾ ടൈം വാച്ചർ കം സ്വീപ്പർ | 2 |
| 6 | സ്വീപ്പർ | 2 |
| 7 | ക്ലാർക്ക് | 5 |
| 8 | എൽ.ഡി.ടൈപ്പിസ്റ്റ് | 4 |
| 9 | വെയ്ബ്രിഡ്ജ് ഡ്രൈവർ | 5 |
| 10 | വെയ്ബ്രിഡ്ജ് ഹെൽപ്പർ | 5 |

സെക്ഷൻ ഓഫീസർ